# അക്കാദമിക മാസ്റ്റർപ്ലാൻ

G W L P S PALLIKERE

2025-26

# ഉള്ളടക്കം

i. ആമുഖം
ii. ലക്ഷ്യങ്ങൾ
iii. അക്കാദമിക കാഴ്ചപ്പാട്
iv. നേട്ടങ്ങൾ
v. പരിമിതികൾ
vi. പ്രവർത്തന പദ്ധതി വിശദീകരണം
vii. ഉപസംഹാരം

# ആമുഖം

കേരള ഗവൺമെൻറ് നടപ്പിലാക്കുന്ന " സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടി" യുടെ ലക്ഷ്യങ്ങളെ മുൻ നിർത്തി ക്ലാസ് അടിസ്ഥാനത്തിൽ അക്കാദമിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് കുട്ടികളുടെ വ്യത്യസ്ത വികാസ മേഖലകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ .

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക, പഠന വിടവുകൾ കണ്ടെത്തി പരിഹരിക്കുക, അടിസ്ഥാന ശേഷികൾ വളർത്തിയെടുക്കുക തുടങ്ങിയ വിശാലമായ ലക്ഷ്യങ്ങൾ പൊതുവായി കണ്ടു കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ലഹരി ഉപയോഗവും ഡിജിറ്റൽ ആസക്തിയും കൂടി വരുന്ന പുതുതലമുറയെ സാമൂഹീക മൂല്യങ്ങളും പൗരബോധവുമുള്ളവരായി വളർത്തിയെടുക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസം അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഉറപ്പു വരുത്താനും ഇത് മികവുത്സവങ്ങളിൽ പങ്കു വയ്ക്കാനും തെളിവുകളുടെ അവതരണം നടത്താനും ലക്ഷ്യമിടുന്നുണ്ട്. അതിനായി നാം ചില മേഖലകളിൽ കൂടി മുന്നേറേണ്ടതാണ്. അവ കണ്ടെത്തി ഗുണനിലവാരം ഉള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് പള്ളിക്കര ഗവൺമെൻറ് വെൽഫെയർ സ്കൂൾ തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ രൂപ രേഖയാണിത്.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- മുഴുവൻ ക്ലാസിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്യാമ്പുകളും തന്ത്രങ്ങളും ആവിഷ്കരിക്കുക.
- ലഘു പഠനയാത്രകൾ പഠന ക്യാമ്പുകൾ ശില്പശാലകൾ വിദഗ്ദരുടെ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ആശയം നടപ്പിലാക്കുക.
- വായന പരിപോഷിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറി നടപ്പിലാക്കുക.

# അക്കാദമിക കാഴ്ചപ്പാട്

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അടിസ്ഥാനശേഷികൾ ഉറപ്പാക്കുകയും കരിക്കുലം വിഭാവനം ചെയ്യുന്ന മുഴുവൻ നേട്ടങ്ങളും നേടാൻ പ്രാപ്തരാക്കുകയും ചെയ്യുന്നതോടൊപ്പം ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി അവ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

# നേട്ടങ്ങൾ

## ഭൗതീകം

- വാടക കെട്ടിടത്തിൽ നിന്ന് സ്വന്തം കെട്ടിടത്തിലേക്ക് വിദ്യാലയം മാറ്റി സ്ഥാപിച്ചു.
- തുടക്കത്തിൽ രണ്ട് ക്ലാസ് മുറികളും ഒരു ഓഫീസുമായിരുന്ന സ്കൂൾ ഇന്ന് അഞ്ച് ക്ലാസ് മുറികളും ഓഫീസും ഉൾക്കൊള്ളുന്ന സ്കൂളായി മാറി.
- 2024 25 അധ്യായന വർഷത്തിൽ പ്രീ പ്രൈമറി വർണ്ണക്കൂടാരം പദ്ധതി പൂർത്തീകരിച്ചു.

## അക്കാദമികം

- പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടി പ്രത്യേക ക്ലാസുകൾ നൽകിയതിലൂടെ കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ സാധിച്ചു.
- കലാകായിക പ്രവർത്തി പരിചയമേളകളിൽ ഉന്നത വിജയം കരസ്ഥമാക്കാൻ സാധിച്ചു.
- എൽ എസ് എസ് പരീക്ഷയിൽ ഉന്നതവിജയം നേടുവാൻ സാധിച്ചു
- അറബിക് ടാലന്റ് പരീക്ഷയിൽ സ്കോളർഷിപ്പ് നേടുവാൻ സാധിച്ചു.

# പരിമിതികൾ

- റിസോഴ്സ് റൂമുകളുടെ അഭാവം
- കലാകായിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ദരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
- ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

# പ്രവർത്തന പദ്ധതി വിശദീകരണം

| പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|
| മലയാളത്തിനെന്ത് മധുരം | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ.<br><br>ഓരോ ദിവസവും ഓരോ വർക്ക് ഷീറ്റ്. | ജൂൺ ജൂലായ് ആഗസ്റ്റ് |
| വാർത്താ വായന | ദിവസവും പ്രധാന പത്രവാർത്ത എഴുതുന്നു. അവതരിപ്പിക്കുന്നു. മികച്ച വാർത്താ വായനക്കാരെ കണ്ടെത്തുന്നു. | ജൂൺ - ഫെബ്രുവരി |
| കഥ-കഥ - കടങ്കഥ | കടങ്കഥാ പയറ്റ് | ജൂലായ് |
| വായനാക്കൂട്ടം | ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയക്കുറിപ്പ്, വായനാക്കുറിപ്പ് തയ്യാറാക്കൽ. | ജൂൺ - ഫെബ്രുവരി |

| | | |
|---|---|---|
| കഥ കേൾക്കാം , പറയാം | അധ്യാപിക ഭാഗത്മകമായി കഥ പറയുന്നു.<br><br>കുട്ടിക്ക് ഇഷ്ടപ്പെട്ട കഥ അസംബ്ലിയിൽ /ബാലസഭയിൽ അവതരിപ്പിക്കുന്നു. | ജൂൺ - ജനുവരി |
| റീഡേഴ്സ് തീയറ്റർ | പാഠഭാഗങ്ങളും ചെറുകഥകളും റീഡേഴ്സ് തിയറ്റർ ആയി അവതരിപ്പിക്കുന്നു | ജൂലായ് - ഫെബ്രുവരി |
| സാഹിത്യ ശില്പ ശാല | കുട്ടികൾക്കായി വിദഗ്ദ്ധരെ ഉൾപ്പെടുത്തി രചനാശില്പശാല നടത്തുന്നു.<br><br>ശില്പശാലയിൽ രൂപപ്പെട്ട രചനകൾ പതിപ്പാക്കി മാറ്റുന്നു | ഒക്ടോബർ - നവംബർ |

| | | |
|---|---|---|
| മികവുത്സവം | ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ രൂപപ്പെട്ട ഉൽപന്നങ്ങളുടെ പ്രദർശനം, അവതരണം. | ഫെബ്രുവരി |
| പസ്സിൽ കോർണർ | ബുദ്ധിവികാസത്തിനും ചിന്താശേഷി വർദ്ധിപ്പിക്കാനും<br><br>പസ്സിൽ കോർണർ ഒരുക്കുന്നു.<br><br>ആഴ്ചയിൽ ഒരു ചോദ്യം പ്രദർശിപ്പിക്കുന്നു.<br><br>കുട്ടികൾ ഉത്തരം കണ്ടെത്തുന്നു. വിജയിയെ കണ്ടെത്തുന്നു. | ജൂൺ - ഫെബ്രുവരി |
| ഗണിത ലാബ് ഒരുക്കൽ | ഗണിത പ്രവർത്തനം സുതാര്യമാക്കൽ<br><br>ഗണിത ലാബിലെ ഉപകരണങ്ങൾ സെറ്റ് ചെയ്യൽ<br><br>പഠനപ്രവർത്തനങ്ങളിൽ ഉപയോഗിക്കൽ | ജൂലായ് |

| | | |
|---|---|---|
| ഒറിഗാമി ശില്പശാല | ജാമിതീയ രൂപങ്ങളുടെ സൗന്ദര്യം തിരിച്ചറിയുക | |
| ഗണിത മേള | ഗണിത ശേഷികളുടെ പ്രകടനം<br><br>പ്രശ്നോത്തരി, പസ്സിൽ, പാറ്റേൺ, ഗണിതോല്പന്നങ്ങളുടെ പ്രദർശനം | ഫെബ്രുവരി |
| ശാസ്ത്ര മൂല | ശാസ്ത്ര പഠനത്തിനാവശ്യമായ സാമാഗികൾ ഒരുക്കൽ.<br><br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂലായ് - ഫെബ്രുവരി |

| | | |
|---|---|---|
| ശാസ്ത്ര യാത്ര | ശാസ്ത്ര പഠനത്തിൽ താല്പര്യവും അന്വേഷണ ത്വരയും വളർത്താൻ വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് എന്നിവ സന്ദർശിക്കൽ | ഒക്ടോബർ |
| ശാസ്ത്ര മാസിക | ശാസ്ത്രവുമായി ബന്ധപ്പെട്ട കുറിപ്പുകൾ, കണ്ടെത്തലുകൾ, ചിത്രങ്ങൾ, ശാസ്ത്രഞ്ജൻമാർ തുടങ്ങിയവ ഉൾപ്പെടുത്തി മാസിക തയ്യാറാക്കുന്നു | ഡിസംബർ - ജനുവരി |
| ശാസ്ത്രോത്സവം | പരീക്ഷണം പതിപ്പ്, ചാർട്ട്, ആൽബം, തുടങ്ങിയവയുടെ പ്രദർശനം | ഫെബ്രുവരി |
| അറബിമധുരം | അറബി ഭാഷാ പഠനത്തിൽ താൽപര്യം വളർത്തൽ. അറബിയിൽ നിന്നും മലയാളത്തിലേക്ക് കടമെടുത്ത | ജൂലായ് - ഫെബ്രുവരി |

| | | |
|---|---|---|
| | പദങ്ങൾ കണ്ടെത്തുന്നു ഡിക്ഷണറി തയ്യാറാക്കുന്നു | |
| Readers theatre | To enhance students reading skill and confidence | August |
| English assembly | To promote confidence in student | June-February |
| English festival | Promote quality reading among students | January |
| enrichment programme | Enrich students English communication skill by English communicative class . | July-february |

# <u>ഉപസംഹാരം</u>

നിരന്തരം മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും കുട്ടികളിൽ ഉണ്ടാക്കിയെടുക്കാനും ഇതിലൂടെ നന്മകൾ നിറഞ്ഞ ഒരു സമൂഹത്തെ ഉണ്ടാക്കിയെടുക്കാനും ഈ വികസനരേഖ ഉപകരിക്കും എന്ന് പ്രതീക്ഷിക്കുന്നു.